## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1166 02.05.2017 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |

(എ) എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൌണ്ടേഷന്റെ നിർദ്ദേശപ്രകാരം കുട്ടനാട് പാടശേഖരങ്ങളുടെ സംരക്ഷണത്തിനും മറ്റുമായി 75% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ കുട്ടനാട് പാക്കേജ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;പ്രസ്തുത പദ്ധതിക്കായി കേന്ദ്ര , സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുക എത്രയാണ് ; വിശദമാക്കുമോ;

(എ) കുട്ടനാട് പാടശ്ശേഖരങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനും മറ്റുമായി നടപ്പിലാക്കിയ കുട്ടനാട് പാക്കേജ് , കൃഷി അനുബന്ധ മേഖലകൾ , ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചത്. ഇതിൽ കൃഷി വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾക്കായി കേന്ദ്ര പദ്ധതികളിലൂടേയും സംസ്ഥാന പദ്ധതികളിലൂടെയും സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കേന്ദ്ര പദ്ധതികൾ | അനുവദിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|
| ആർ.കെ.വി.വൈ. സീഡ് വില്ലേജ് പദ്ധതി , ആത്മ, നാളികേര വികസന ബോർഡ് പദ്ധതി , ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി | 8564.12 |

| സംസ്ഥാനാ വിഷ്കൃത പദ്ധതികൾ | അനുവദിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|
| ഭക്ഷ്യസുരക്ഷാ പദ്ധതി , സംസ്ഥാനാവിഷ്കൃത പദ്ധതി , ആർ.ഐ.ഡി.എഫ് പദ്ധതികൾ | 360.79 |

| | | |
|---|---|---|
| (ബി) | കുട്ടനാട് പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്; അവയിൽ ഏതെല്ലാം നടപ്പിലാക്കി; ഓരോന്നിനും അനുവദിച്ച തുകയും ചെലവായ തുകയും എത്രയാണ്; വിശദാംശം നൽകുമോ; | (ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആരായിരുന്നു; പാക്കേജ് നടപ്പിലാക്കിയതിനുശേഷം കുട്ടനാട്ടിൽ നെൽകൃഷി എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) പാക്കജിൽ ഉൾപ്പെട്ട മേൽ പരാമർശിച്ച പദ്ധതികളുടെ നിർവ്വഹണ ഏജൻസി കൃഷി വകുപ്പായിരുന്നു. കുട്ടനാട് പാക്കേജ് പ്രകാരം ഓണാട്ടുകര മേഖലയായ ഹരിപ്പാട് , ചാരുമൂട്, മാവേലിക്കര, കായംകുളം എന്നീ പ്രദേശങ്ങളിൽ 1143 ഹെക്ടർ സ്ഥലത്ത് തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കി. റാണി ചിത്തിര കായലുകളിലെ 500 ഹെക്ടർ കൃഷി യോഗ്യമാക്കി. കുട്ടനാട് പാക്കേജ് ആരംഭിച്ച 2009-10 വർഷത്തിൽ 35523 ഹെക്ടറിലായിരുന്ന പുഞ്ചകൃഷി 36630 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ സാധിച്ചു. ഇപ്രകാരം കൃഷി ചെയ്യുന്ന വിസ്തൃതിയിൽ 10 % വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

# കുട്ടനാട് പാക്കേജ്

## പുരോഗതി റിപ്പോർട്ട്

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | പദ്ധതി | ഫണ്ട് ഉറവിടം | അനുവദിച്ച തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| **കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| | യന്ത്രവത്ക്കരണവും ട്രെയിനിംഗും | ആർ.കെ.വി.വൈ | 5381.95 | 5381.95 | 5395.07 |
| 2 | നെൽകൃഷി വികസനം | ആർ.കെ.വി.വൈ | 410.00 | 410.00 | 410.00 |
| 3 | എള്ളുകൃഷി വികസനം | ആർ.കെ.വി.വൈ. | 20.00 | 20.00 | 20.00 |
| 4 | നെൽവിത്ത് ഉൽപാദനം. സംസ്കരണം. വിതരണം | സീഡ് വില്ലേജ് പ്രോഗ്രാം | 451.50 | 451.50 | 451.495 |
| 5 | അഗ്രോ ക്ലിനിക്ക് | ആത്മ | 95.17 | 64.80 | 64.8 |
| 6 | തെങ്ങ് കൃഷി വികസനം | നാളികേര വികസന ബോർഡ് | 1312.50 | 1313.197 | 1312.391 |
| 7 | 13 - ാം ധനകാര്യ കമ്മീഷൻ | 13 - ാം ധനകാര്യ കമ്മീഷൻ | 893.00 | 893.00 | 893.00 |
| | **ആകെ** | | **8564.12** | **8534.447** | **8546.756** |

| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
|---|---|---|---|---|---|
| | | | **അനുവദിച്ച തുക** | **ലഭ്യമായ തുക** | **ചെലവഴിച്ച തുക** |
| | | | **(രൂപ ലക്ഷത്തിൽ)** | | |
| 1 | നെല്ലുൽപാദന ബോണസ് | ഭക്ഷ്യ സുരക്ഷാ പദ്ധതി | 20.00 | 20.00 | 20.00 |
| 2 | നെൽകൃഷി വികസനം | ഭക്ഷ്യ സുരക്ഷാ പദ്ധതി | 165.00 | 165.00 | 164.50 |
| 3 | എള്ളുകൃഷി വികസനം | ഭക്ഷ്യ സുരക്ഷാ പദ്ധതി | 26.75 | 26.75 | 25.99 |
| 4 | മണ്ണ് പരിശോധനയും വളപ്രയോഗവും | സംസ്ഥാനാവിഷ്കൃത പദ്ധതി | 20.00 | 20.00 | 20.00 |
| 5 | കീടനിരീക്ഷണം | സംസ്ഥാന പദ്ധതി | 20.00 | 20.00 | 16.00 |
| 6 | ഗോഡൌൺ സ്ഥാപിക്കൽ | ആർ.ഐ.ഡി.എഫ് | 109.04 | 109.04 | 109.04 |
| | ആകെ | | 360.79 | 360.79 | 355.53 |

സെക്ഷൻ ഓഫീസർ